# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 492 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്കുസേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോർജ് എം. തോമസ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജൂലൈ-1 മുതൽ രാജ്യത്ത് നടപ്പിൽ വരുത്തിയ ചരക്ക സേവന നികുതി മൂലം സംസ്ഥാനത്ത് ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന വ്യക്തമാക്കുമോ; | (എ) | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകും. പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനുള്ള GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജി.എസ്.ടി നടപ്പാക്കുമ്പോൾ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം ലഭിക്കും. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർ സംസ്ഥാന വില്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനു ലഭിച്ചിരുന്നില്ല. ജി.എസ്.ടി. യിൽ ഈ നികുതിയും |

| | | | |
|---|---|---|---|
| | | | കേരളത്തിനു ലഭിക്കും. ഇത് വലിയ നേട്ടമാണ്. |
| (ബി) | ഇതിലെ അവ്യക്തതയും ആശയക്കുഴപ്പവും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ജി.എസ്.ടി യുമായി ബന്ധപ്പെട്ട അവ്യക്തതകൾ പരിഹരിക്കുന്നതിന് വ്യാപാരികൾക്കും വ്യാപാര സംഘടനകൾക്കും കേരളമൊട്ടാകെ വിവിധതരത്തിലുള്ള പഠന ക്ലാസ്സുകൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ പൊതുജനങ്ങളുടെ ബോധവത്കരണത്തിനായുള്ള പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ ജി.എസ്.ടി. ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വ്യാപാരികൾക്കും വ്യാപാര സമൂഹത്തിനും ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കുകയാണ് സംസ്ഥാന, ജില്ലാ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്മിറ്റിയുടെ ഉദ്ദേശ്യം. |
| (സി) | നിത്യോപയോഗ സാധനങ്ങൾ, ഹോട്ടൽ ഭക്ഷണം എന്നിവയുടെ വിലവർദ്ധനയ്ക്ക് ഇടയായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ; | (സി) & (ഡി) | ജി.എസ്.ടി നിലവിൽ വന്നതിനെ തുടർന്ന് നിത്യോപയോഗ സാധനങ്ങൾ ഹോട്ടൽ ഭക്ഷണം എന്നിവയ്ക്ക് വില വർദ്ധനവ് ഉണ്ടായതായി പല ഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. ഹോട്ടൽ വ്യാവസായികളുമായും മറ്റ് സംഘടനകളുമായും ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**